**കേരള കാർഷികസർവകലാശാല**

കെ.എ.യു പ്രസ്സ്
മണ്ണുത്തി, തൃശ്ശൂർ - 680651
ഫോൺ: 0487 2370405
ഇ മെയിൽ: unipress@kau.in

നം. UPRESS/194/2024-P2 തീയതി: 09-10-2025

**ക്വട്ടേഷൻ നോട്ടീസ്**

കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിലുള്ള കേരള കാർഷിക സർവകലാശാല പ്രസ്സിലെ അച്ചടി ജോലികളുടെ ഭാഗമായി വന്ന വെള്ള പാഴ്ക്കടലാസുകളും, കളർ പാഴ്ക്കടലാസുകളും (ഏകദേശം ഒന്നര ടൺ) നീക്കം ചെയ്യാൻ താൽപ്പര്യമുള്ളവരിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**വ്യവസ്ഥകളും നിബന്ധനകളും**

- "കെ.എ.യു പ്രസ്സിലെ പാഴ്ക്കടലാസുകൾ നീക്കം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന് കവറിനുമുകളിൽ രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- പുറത്തെഴുത്ത് രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ പ്രസ്സ് മാനേജർ, കെ.എ.യു പ്രസ്സ്, മണ്ണുത്തി, തൃശ്ശൂർ- 680 651 എന്ന വിലാസത്തിൽ 17.10.2025 തിയ്യതി 03.00 മണിക്ക് മുൻപായി എത്തിക്കേണ്ടതോ, ലഭിക്കേണ്ട വിധത്തിൽ അയക്കേണ്ടതോ ആണ്.
- നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്നതോ, അപൂർണമായതോ ആയ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. കൃത്യസമയത്തിനുള്ളിൽ ലഭ്യമായ ക്വട്ടേഷനുകൾ അന്നേ ദിവസം 03.30 ന് തന്നെ തുറക്കുന്നതും, ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകാര്യമെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും.
- പാഴ്ക്കടലാസുകളുടെ വിലയ്ക്ക് പുറമെ ബാധകമായ 5 ശതമാനം ജി.എസ്.ടി കൂടി ക്വട്ടേഷൻ അനുവദിക്കപ്പെട്ട ആളുടെ കയ്യിൽ നിന്നും ഈടാക്കുന്നതാണ്.
- ക്വട്ടേഷനിൽ ഒരു കിലോ പാഴ്ക്കടലാസിന്റെ വില (വെള്ള കടലാസ്സിനും കളർ കടലാസ്സിനും വെവ്വേറെ), 5 ശതമാനം ജി.എസ്.ടി തുക, ആകെ തുക എന്നിവ പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്.
- ക്വട്ടേഷനോടൊപ്പം നിരത ദ്രവ്യമായ (EMD) **1,500/- രൂപ,** പ്രസ്സ് മാനേജർ, കെ.എ.യു പ്രസ്സ്, മണ്ണുത്തി എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഒല്ലൂക്കര ബ്രാഞ്ചിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി സമർപ്പിച്ചോ, ഓഫീസിൽ നേരിട്ടോ അടച്ച് ക്വട്ടേഷനിൽ പങ്കെടുക്കേണ്ടതാണ്. നിരത ദ്രവ്യം സമർപ്പിക്കാത്ത ക്വട്ടേഷനുകൾ

സ്വീകരിക്കുന്നതല്ല.

- ക്വട്ടേഷൻ സ്ഥിരപ്പെടുത്തി ലഭിക്കുന്ന വ്യക്തി **24.10.2025 തിയതി 4 മണിക്ക് മുൻപായി** പാഴ്പേപ്പറുകൾ സ്വന്തം ചിലവിൽ വാഹനത്തിൽ കയറ്റി നീക്കം ചെയ്യേണ്ടതാണ്. ഭാരം അളക്കുന്നതിനുള്ള ത്രാസ് ഇല്ലെങ്കിൽ, ഭാരം കയറ്റുന്നതിന് മുൻപും ശേഷവും വാഹനത്തിന്റെ ഭാരം കെ.എ.യു പ്രസ്സിന് സമീപത്തുള്ള വേ-ബ്രിഡ്ജിൽ പ്രസ്സിലെ ഒരു ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ സ്വന്തം ചിലവിൽ പരിശോധിക്കേണ്ടതും ആയതിന്റെ റിപ്പോർട്ടിന്റെ പകർപ്പ് സമർപ്പിക്കേണ്ടതുമാണ്.
- പാഴ്ക്കടലാസുകളുടെ ഭാരത്തിന് അനുസൃതമായ, 5 ശതമാനം ജി.എസ്.ടിയും ഉൾപ്പടെയുള്ള തുക കെ.എ.യു പ്രസ്സ് കാര്യാലയത്തിൽ കെട്ടിവച്ചതിന് ശേഷം ആയതിന്റെ രശീതി കൈപ്പറ്റിയതിന് ശേഷം മാത്രമേ പാഴ്ക്കടലാസുകൾ കൊണ്ടുപോകുവാൻ പാടുകയുള്ളൂ.
- ക്വട്ടേഷൻ സ്ഥിരപ്പെടുത്തി ലഭിക്കുന്ന വ്യക്തി മേൽപ്പറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ അടച്ച നിരതദ്രവ്യം സർവകാലാശാലയിലേക്ക് മുതൽക്കൂട്ടുന്നതും പുനർലേലമുൾപ്പടെയുള്ള നടപടികളിലേക്ക് കടക്കുന്നതുമാണ്. തുടർന്നുള്ള നടപടികളിൽ പങ്കെടുക്കുവാൻ ടിയാന് അവകാശമുണ്ടായിരിക്കുന്നതല്ല.
- പാഴ്ക്കടലാസുകളുടെ ശേഖരം പരിശോധിക്കണമെന്നുള്ളവർക്ക് ലേല തിയതിക്ക് തൊട്ട് മുൻപുവരെയുള്ള പ്രവർത്തിദിനങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ പ്രസ്സ് മാനേജരുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.
- മുകളിൽ സൂചിപ്പിച്ച തൂക്കം അനുമാനത്തിലുള്ളതാണ്. ആയത് വ്യത്യാസപ്പെടാം.
- ക്വട്ടേഷൻ സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നതിനും, യാതൊരു കാരണവും കൂടാതെ ഈ നോട്ടീസ് പ്രകാരമുള്ള ക്വട്ടേഷൻ നടപടികൾ മാറ്റിവയ്ക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം പ്രസ്സ് മാനേജറിൽ നിക്ഷിപ്തമാണ്.
- ക്വട്ടേഷൻ നടപടികൾ സംബന്ധിച്ച എല്ലാ സർക്കാർ നിയമങ്ങളും ഈ ക്വട്ടേഷനും ബാധകമാണ്.

വിശ്വസ്തതയോടെ,

Signed by
Binoo P Bonny
Date: 09-10-2025 15:40:27

പ്രസ്സ് മാനേജർ

പകർപ്പ് : കെ.എ.യു വെബ്സൈറ്റ്